**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3376** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പിൽ 333 അപേക്ഷകളും, ഹയർ സെക്കൻഡറി വിഭാഗത്തിൽ 36 അപേക്ഷകളും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 9 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത അപേക്ഷകരിൽ നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചവർ എത്രയെന്ന് വിശദമാക്കാമോ; | (ബി) | **പൊതുവിദ്യാഭ്യാസ വകുപ്പിൽ 158 പേർക്കും ഹയർ സെക്കൻഡറി വിഭാഗത്തിൽ 9 പേർക്കും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 3 പേർക്കും നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.** |
| (സി) | വർക്കല മണ്ഡലത്തിലെ പകൽകുറി ഗവ.എച്ച്.എസ്.എസ്.- ൽ ലാബ് അസിസ്റ്റന്റായി സേവനം അനുഷ്ഠിക്കവെ അന്തരിച്ച ശ്രീകുമാറിന്റെ മകൻ ശ്രീ. അലൻ. എസ്-ന് നിയമനം നൽകുവാൻ 28.09.2022-ലെ സ.ഉ. (കൈ) നം. 171/2022/ ജി.ഇ.ഡി. പ്രകാരം ഉത്തരവ് ആയെങ്കിലും നിയമന ഉത്തരവ് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിനു കാരണം വ്യക്തമാക്കാമോ? | (സി) | നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% ആണ് ആശ്രിത നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നത്. അപ്രകാരം ശ്രീ.അലൻ.എസ്-ന് **പൊതുവിദ്യാഭ്യാസ ഹയർ സെക്കൻഡറി വിഭാഗത്തിൽ** ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള ഒഴിവ് ലഭ്യമാകാത്ത സാഹചര്യത്തിലാണ് നിയമന ഉത്തരവ് **നൽകുന്നതിന്** കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ